A | 7001

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2016-17

## കലാ, പ്രവൃത്തി, ആരോഗ്യകായിക വിദ്യാഭ്യാസം

ക്ലാസ്സ് : 7 | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. കലാപഠനം, പ്രവൃത്തിപഠനം, ആരോഗ്യകായികവിദ്യാഭ്യാസം എന്നിവയിൽ നൽകിയിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്.
3. മൂന്നു വിഭാഗങ്ങളിലായി ചോദ്യങ്ങൾ നൽകിയിരിക്കുന്നു. അവയ്ക്ക് വ്യത്യസ്തമായ മൂന്ന് പേപ്പറുകളിലായി ഉത്തരമെഴുതണം. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്നമ്പർ, ക്ലാസ്സ് തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളണം.
4. മൂന്ന് വിഭാഗങ്ങൾക്കായി ആകെ 2 മണിക്കൂർ സമയം അനുവദിക്കും.

---

**വിഭാഗം 1 - കലാപഠനം**

1. "മാവിൻചുവട്ടിലെ വേനലവധി"

   നിങ്ങളുടെ വേനലവധി അനുഭവങ്ങൾ ഈ ആശയവുമായി ബന്ധപ്പെടുത്തി പെൻസിൽ ഉപയോഗിച്ച് ചിത്രീകരിക്കുക.

2. ഉചിതമായത് തെരഞ്ഞെടുത്ത് പട്ടികപ്പെടുത്തി എഴുതുക.

| | | |
|---|---|---|
| ഭിത്തി | ബ്രഷ് | വാട്ടർകളർ |
| അക്രിലിക് കളർ | പെൻസിൽ | റബ്ബർ |
| ഓയിൽ കളർ | കാൻവാസ് | പേപ്പർ |

| പ്രതലം | ഉപകരണം | മാധ്യമം |
|---|---|---|
| | | |

3. നർമരസപ്രധാനമായ ചിത്രരചനാരീതിക്ക് പറയുന്ന പേര് ?

4. ഈ ഗ്രൂപ്പിലെ വിട്ടുപോയ പ്രതിഭയെ കണ്ടെത്തുക

മുത്തുസ്വാമിദീക്ഷിതർ, ശ്യാമശാസ്ത്രി, ————————————
(പുരന്ദരദാസൻ, ത്യാഗരാജസ്വാമികൾ, സ്വാതിതിരുനാൾ)

5. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ പ്രചാരത്തിലുള്ള ശാസ്ത്രീയ സംഗീത ശാഖയേതെന്ന് തെരഞ്ഞെടുത്തെഴുതുക.

- കർണാടകസംഗീതം
- ഹിന്ദുസ്ഥാനിസംഗീതം
- രവീന്ദ്രസംഗീതം

6. താളമെന്നാൽ എന്തെന്ന് തെരഞ്ഞെടുത്ത് എഴുതുക.

- ഈണമാണ് താളം.
- ഭാവമാണ് താളം.
- ആവർത്തിച്ചു വരുന്ന സമയക്രമമാണ് താളം.

7. 'ചാഞ്ചാടി ആടും മയിലോ മൃദുപഞ്ചമം പാടും കുയിലോ' ഇരയിമ്മൻ തമ്പിയുടെ പ്രശസ്തതാരാട്ടുപാട്ടിലെ വരികളാണിവ. ഇതിൽ പഞ്ചമം എന്ന് സൂചിപ്പിച്ചിരിക്കുന്നത് സപ്തസ്വരങ്ങളിലെ ഏത് സ്വരത്തെയാണ് വിശദമാക്കുക.

8. കലോത്സവവേദികളിൽ പല സംഗീതരൂപങ്ങളും സംഘമായി അവതരിപ്പിക്കാറുണ്ട്. എങ്കിൽ ദേശഭക്തിഗാനാലാപനത്തെ നിങ്ങൾ എങ്ങനെ വിലയിരുത്തും ?

9. ഭരതനാട്യം തമിഴ്നാടിന്റെ ശാസ്ത്രീയനൃത്തരൂപമാണ്. കേരളത്തിന്റെ തനത് ശാസ്ത്രീയ നൃത്തരൂപങ്ങൾ എഴുതുക.

- കുച്ചുപ്പുടി
- മോഹിനിയാട്ടം
- കഥകളി
- കഥക്
- ഒഡീസി
- സത്രിയ

10. ഒരു കൈമാത്രം ഉപയോഗിച്ച് പ്രകടിപ്പിക്കുന്ന മുദ്രയ്ക്ക് 'അസംയുക്ത മുദ്ര' എന്നു പറയുമ്പോൾ രണ്ടു കൈയും ഉപയോഗിച്ച് പ്രകടിപ്പിക്കുന്ന മുദ്രയ്ക്ക് എന്ത് പറയുന്നു?

11. താഴെപറയുന്ന നൃത്തരൂപങ്ങളെ നാടോടിനൃത്തം, ശാസ്ത്രീയനൃത്തം എന്ന ക്രമത്തിൽ തരംതിരിച്ച് എഴുതുക.

- ഭരതനാട്യം
- തിരുവാതിര
- കുച്ചുപ്പുടി
- കഥകളി
- ഒപ്പന
- മാർഗംകളി

12. "പുഴമരിക്കുന്നു" ഈ ആശയത്തെ നാടകരൂപത്തിൽ അവതരിപ്പിക്കുന്നതിനാവശ്യമായ ലഘു സംഭാഷണരൂപം തയ്യാറാക്കുക.

13. നിങ്ങൾക്കറിയാവുന്ന വ്യത്യസ്തനാടകരൂപങ്ങൾ ഏതെല്ലാം?

## വിഭാഗം 2 – പ്രവൃത്തിപഠനം

എല്ലാ ചോദ്യങ്ങളും പ്രവർത്തനങ്ങളും ചെയ്യേണ്ടതാണ്.

ചോദ്യം ഒന്ന് ദേശീയപതാകാനിർമാണം.

1. എ4 ഷീറ്റ് ഉപയോഗിച്ച് നിശ്ചിത അളവിൽ ദേശീയപതാക നിർമിക്കുക.

2. ലോഹത്തകിടുകളുടെ ഗേജും കനവും തമ്മിലുള്ള ബന്ധത്തിൽ ചുവടെ ചേർത്തിരിക്കുന്നതിൽ ശരിയായ പ്രസ്താവനയേത്?

   **എ.** ഗേജ് കൂടുംതോറും കനം കുറയും **ബി.** ഗേജ് കൂടുംതോറും കനം കൂടുന്നു.

   **സി.** ഗേജുകൂടിയാലും കനത്തിൽ മാറ്റമുണ്ടാകുന്നില്ല **ഡി.** ഗേജും കനവും തമ്മിൽ ഒരു ബന്ധവുമില്ല

3. ഏതെങ്കിലും മൂന്ന് അലങ്കാരത്തയ്യലുകളുടെ പേരെഴുതുക.

4. ചിത്രത്തിന്റെ സഹായത്തോടെ ലയറിംഗ് ചെയ്യുന്ന രീതി വിശദമാക്കുക.

## വിഭാഗം 3 – ആരോഗ്യകായിക വിദ്യാഭ്യാസം

1. പ്രവർത്തനം - സിറ്റ് അപ്



2. സിറ്റ് അപ് എന്ന വ്യായാമത്തിലൂടെ പ്രധാനമായും ശരീരത്തിലെ ഏത് പേശിയുടെ ക്ഷമതയാണ് വർദ്ധിക്കുന്നത് ?

   (കാൽ, ഉദരം, കൈകൾ, കഴുത്ത്)

3. വെള്ളത്തിൽ വീണ ഒരാൾക്ക് നൽകേണ്ട രക്ഷാപ്രവർത്തനങ്ങളെപ്പറ്റി വിശദീകരിക്കുക.

4. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് കണ്ടെത്തി എഴുതുക.

   എ) കായിക പ്രവർത്തനങ്ങളിലേർപ്പെടുന്നതിലൂടെ രോഗപ്രതിരോധശേഷി വർദ്ധിക്കുന്നു.

   ബി) ഫാസ്റ്റ്ഫുഡ് ശീലമാക്കുന്നതിലൂടെ ജീവിതശൈലീരോഗങ്ങൾ കുറയുന്നു.

   സി) ആരോഗ്യകരമായ ജീവിതത്തിന് കായികക്ഷമത അത്യന്താപേക്ഷിതമാണ്.

   ഡി) വ്യായാമം ചെയ്യുന്നത് മാനസിക സംഘർഷം കൂടുന്നതിന് കാരണമാകുന്നു.

   ഇ) ശരീരപിണ്ഡ സൂചിക (ബി.എം.ഐ.) കണക്കാക്കുന്നതിന് ഭാരത്തെ ഉയരത്തിന്റെ വർഗംകൊണ്ട് ഹരിക്കുക.



For more study materials send SMS - 8547378281 to join our whatsapp group